TB Movie Panel Weekly Review

**#MoviePanel**

Vadhandhi: The Fable of Velonie

സിനിമ ഷൂട്ടിംഗിന് എത്തിയ സംഘമാണ് വിജനമായ ഒരു പ്രദേശത്തു നിന്ന് ജീർണിച്ചു തുടങ്ങിയ ഒരു പെൺകുട്ടിയുടെ മൃതദേഹം കണ്ടെത്തുന്നത്. കന്യാകുമാരിയിലെ ഒരു ആംഗ്ലോ ഇന്ത്യൻ കുടുംബത്തിൽ നിന്നുള്ള Velonie എന്ന പെൺകുട്ടിയുടെ കൊലപാതകത്തിനു പിന്നിലെ രഹസ്യങ്ങളുടെ പൂട്ട് തുറക്കാൻ നിയോഗിക്കപ്പെട്ടത് വിവേക് (SJ Surya) എന്ന പോലീസ് ഉദ്യോഗസ്ഥനായിരുന്നു.

Vadhandhi എന്ന തമിഴ് വാക്കിന്റെ അർത്ഥം കിംവദന്തി (Gossip) എന്നാണ്. ഒരു പെൺകുട്ടിയുടെ മരണത്തെ വാർത്താ മാധ്യമങ്ങളും സോഷ്യൽ മീഡിയയും കൂടി ആഘോഷിക്കുന്നു. കഥകൾ ഉണ്ടാക്കുന്നത് വാർത്താ മാധ്യമങ്ങൾ മാത്രമല്ല സമൂഹവും കൂടിയാണ്. ഈ കഥകൾക്ക് ഇടയിലൂടെ വെലോനിയുടെ യഥാർത്ഥ കഥയും കൊലപാതകിയേയും തേടി വിവേക് ഇറങ്ങുന്നു. ഓരോ പ്രാവശ്യവും സത്യം കണ്ടെത്തിയെന്ന് നമ്മൾ കരുതുന്ന നിമിഷം കഥ അവിടെ നിന്നും വഴുതി മാറി മറ്റൊരിടത്തേക്ക് ഒഴുകാൻ തുടങ്ങും. കേസ് അന്വേഷണത്തിന് ഒടുവിൽ പോലീസ് കൊലപാതകിയെ കണ്ടെത്തുന്നു കേസ് അവസാനിപ്പിക്കുന്നു, പക്ഷെ അവിടെയും ഒന്നും അവസാനിച്ചിട്ടുണ്ടായിരുന്നില്ല. 8 എപ്പിസോഡുകൾ ഉള്ള ഈ വെബ് സീരിസിന്റ ഏറ്റവും വലിയ ഗുണം ഒരു നിമിഷം പോലും നമ്മേ ബോറടിപ്പിക്കാതെ പിടിച്ചിരുത്തുമെന്നതാണ്.

വെലോനിയായി എത്തിയ പുതുമുഖ നടി സഞ്ചനയുടെ മികവുറ്റ പ്രകടനത്തോടൊപ്പം S J സൂര്യയുടെ ഗംഭീര അഭിനയവും എടുത്തു പറയേണ്ടതാണ്. നാസർ, ലൈല, വിവേക് പ്രസന്ന, എന്നിവരോടൊപ്പം കുളപ്പുള്ളി ലീലക്കും അവരുടെ career ലെ മികച്ച ഒരു കഥാപാത്രം തന്നെയാണ് ഇതിൽ ലഭിച്ചിരിക്കുന്നത്. വിക്രം-വേദ തമിഴിലും ഹിന്ദിയിലും ഒരുക്കിയ Director-Couples ആയ പുഷ്കർ-ഗായത്രി duo ആണ് ഈ സിനിമയുടെ നിർമ്മാതാവിന്റെ റോളിൽ എത്തിയിരിക്കുന്നത്. Leelai, കൊലൈകാരൻ എന്നീ സിനിമകൾ സംവിധാനം ചെയ്ത Andrew Louis ആണ് ഈ സിനിമയുടെ സംവിധായകൻ.മേക്കിങ് ക്വാളിറ്റി വെച്ചു നോക്കിയാൽ ഇനിയും ഒരുപാട് മികച്ച സിനിമകൾ അദ്ദേഹത്തിൽ നിന്ന് പ്രതീക്ഷിക്കാവുന്നതാണ്.

എന്താണ് ഈ സിനിമയുടെ പ്രത്യേകത? പലരും യവനിക, ഉത്തരം, rashomon പോലുള്ള classic സിനിമകളുമായി ഇതിനെ എന്തു കൊണ്ട് താരതമ്യം ചെയ്യുന്നു?

ഒന്ന് കണ്ടു നോക്കിയാൽ നിങ്ങൾക്ക് തന്നെ അതിനുള്ള ഉത്തരം കിട്ടും..